REPORTER 27 September 2022

# ജീവിതശൈലീ രോഗങ്ങളെ ചെറുക്കാൻ കടൽപായൽ ഉൽപ്പന്നം; വ്യാവസായിക നിർമ്മാണം ഉടൻ

ജീവിതശൈലീ രോഗങ്ങളെ ചെറുക്കുന്നതിനായി സിഎംഎഫ്ആർഐ വിപണിയിലിറക്കുന്ന ഒമ്പതാമത് ഉൽപ്പന്നമാണിത്



കൊച്ചി: ഫാറ്റിലിവറിനെ ചെറുക്കാൻ കടൽപായൽ ഉൽപ്പന്നവുമായി സിഎംഎഫ്ആർഐ. കടൽപായലുകളിൽ അടങ്ങിയിരിക്കുന്ന ഫലപ്രദമായ ബയോആക്ടീവ് സംയുക്തങ്ങൾ ഉപയോഗിച്ചാണ് 'കടൽമീൻ ലിവ്ക്യുവർ എക്സ്ട്രാക്റ്റ്' എന്ന ന്യൂട്രാസ്യൂട്ടിക്കൽ ഉൽപ്പന്നം ഉണ്ടാക്കിയിരിക്കുന്നത്. ഈ ഉൽപ്പന്നം വ്യത്യസ്തങ്ങളായ ജീവിതശൈലീ രോഗങ്ങളെ ചെറുത്ത് പ്രതിരോധശേഷി വർധിപ്പിക്കുമെന്നാണ് സിഎംഎഫ്ആർഐ അവകാശപ്പെടുന്നത്.

ജീവിതശൈലീ രോഗങ്ങളെ ചെറുക്കുന്നതിനായി സിഎംഎഫ്ആർഐ വിപണിയിലിറക്കുന്ന ഒമ്പതാമത് ഉൽപ്പന്നമാണിത്. 400 മില്ലിഗ്രാം അളവിലുള്ള ക്യാപ്സൂളുകൾ പൂർണമായും പ്രകൃതിദത്ത ചേരുവകൾ ഉപയോഗിച്ചാണ് നിർമിച്ചിരിക്കുന്നത്. ഉൽപ്പന്നം വ്യാവസായികമായി നിർമ്മിക്കുന്നതിനായി വൈകാതെതന്നെ ഉൽപ്പന്നത്തിന്റെ സാങ്കേതികവിദ്യ കൈമാറുമെന്നും അതിനായുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണെന്നും അനുബന്ധ

അമിതമായി അടിഞ്ഞുകൂടിയ കൊഴുപ്പുകൾ നിയന്ത്രണവിധേയമാക്കുന്നതിനും കരളിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും ഈ ഉൽപ്പന്നം സഹായകമാണെന്നും ഇതിന് യാതൊരുവിധ പാർശ്വഫലങ്ങളുമില്ല എന്നത് വിശദമായ ക്ലിനിക്കൽ പരീക്ഷണങ്ങളിലൂടെ തെളിഞ്ഞിട്ടുന്നെും ഗവേഷണത്തിന് നേതൃത്വം നൽകിയ സിഎംഎഫ്ആർഐയിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ കാജൽ ചക്രബർത്തി പറഞ്ഞു.